**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2022** **03-03-2025 - ൽ മറുപടിയ്ക്ക്**

**ഏഷ്യൻ എഡ്യൂക്കേഷണൽ കൺസൾട്ടൻസി എന്ന സ്ഥാപനത്തിന് എതിരെയുള്ള അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം വെള്ളറടയിൽ ജോസ് എന്നയാളെ മകൻ വെട്ടി കൊലപ്പെടുത്തിയതിലേക്ക് നയിച്ച കാര്യങ്ങളെക്കുറിച്ചും അതിനു പ്രേരകമായ കൺസൾട്ടൻസി സ്ഥാപനത്തിനെതിരെയും പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ പുരോഗതി വിശദമാക്കാമോ; | (എ) | ഉണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വെള്ളറട പോലീസ് സ്റ്റേഷൻ ക്രൈം. നം. 173/2025 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. അന്വേഷണം പൂർത്തിയായാൽ മാത്രമെ ഇതു സംബന്ധിച്ച് കൂടുതൽ വസ്തുതകൾ വെളിവാകുകയുള്ളൂ. |
| (ബി) | ചൈനയിൽ എം.ബി.ബി.എസ്. പഠനത്തിന് വേണ്ടി ആലപ്പുഴ തത്തംപള്ളിയിലും എറണാകുളത്തും ബ്രാഞ്ച് ഉള്ള ഏഷ്യൻ എഡ്യൂക്കേഷണൽ കൺസൾട്ടൻസി വഴി മകനെ അയച്ചത് മൂലം കുടുംബം നേരിട്ട പ്രശ്നങ്ങൾ പോലീസ് അന്വേഷിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വെള്ളറട പോലീസ് സ്റ്റേഷൻ ക്രൈം. നം. 173/2025 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. അന്വേഷണം പൂർത്തിയായാൽ മാത്രമെ ഇതു സംബന്ധിച്ച് കൂടുതൽ വസ്തുതകൾ വെളിവാകുകയുള്ളൂ. |
| (സി) | ചൈനയിലെ കോളേജിൽ മകന് വേണ്ടി ജോസ് നൽകിയ ഫീസ് കോളേജിന് നൽകാതെ ടി ഏജൻസി ജോസിന്റെ കുടുംബത്തെ കബളിപ്പിച്ച കാര്യം പോലീസ് അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. പ്രജിൻ ജോസ് ജെ എസ് മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിന്മേൽ നടത്തിയ അന്വേഷണത്തിൽ പരാതിക്കാരൻ HSK Certificate (Chinese Language Certificate) ഹാജരാക്കാത്തതിനാലാണ് കോഴ്സ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതെന്നും, ടിയാന്റെ രജിസ്ട്രേഷനും, പേയ്മെന്റും സംബന്ധിച്ച് പ്രശ്നങ്ങളില്ലായെന്നും ഇവ സംബന്ധിച്ച് എന്തെങ്കിലും പ്രശ്നം ഉണ്ടായാൽ Asian Educational Studies Pvt. Ltd അത് ക്ലിയർ ചെയ്തു കൊടുക്കുമെന്നും 31/08/2024-ൽ കത്ത് മുഖേന എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ അറിയിച്ചിട്ടുള്ളതാണ്. ടി വിവരം പരാതിക്കാരനെ കത്ത് മുഖാന്തരം അറിയിച്ചിരുന്നതും നഷ്ടപരിഹാരം സംബന്ധിച്ച നടപടികൾക്ക് കോടതിയെ സമീപിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിരുന്നതുമാണ്. |
| (ഡി) | പ്രസ്തുത കൺസൾട്ടൻസി സ്ഥാപനത്തിനെതിരെ മുഖ്യമന്ത്രിക്കും ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിലും | (ഡി) | Asian Educational Consultancy Pvt. Ltd. സ്ഥാപനത്തിനെതിരെ ബഹു. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം മുഖേന ശ്രീമതി. എ. നസീറ നൽകിയ പരാതിയിന്മേൽ ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പ്രസ്തുത സ്ഥാപനത്തിനെതിരെയും സ്ഥാപന ഉടമക്കെതിരെയും എറണാകുളം ജില്ലയിൽ 3 പരാതികളും ആലപ്പുഴ ജില്ലയിൽ ഒരു പരാതിയും ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | എറണാകുളത്തും നൽകിയ പരാതിയിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ; | | ഒരു പരാതി പോലീസ് സ്റ്റേഷനിൽ വച്ച് തീർപ്പാക്കിയിട്ടുള്ളതും ഒരു കേസിലെ നടപടികൾ കോടതി ഉത്തരവ് പ്രകാരം അവസാനിപ്പിച്ചിട്ടുള്ളതുമാണ്. മറ്റ് 2 പരാതികളിന്മേൽ 2 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. സ്ഥാപനത്തിനെതിരെ പരാതി നൽകിയവരുടെ പേരും സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു. |

| ജില്ല | പരാതിക്കാരന്റെ പേര് | സ്വീകരിച്ച നടപടി | കേസിന്റെ നിലവിലെ സ്ഥിതി |
|---|---|---|---|
| എറണാകുളം | ശ്രീ.പ്രജിൻ ജോസ് ജെ.എസ് | പരാതി തീർപ്പാക്കി | പരാതി തീർപ്പാക്കി |
| എറണാകുളം | ശ്രീ. സിബു ജോൺ അലക്സാണ്ടർ | എറണാകുളം സെൻട്രൽ പി.എസ് ക്രൈം നമ്പർ 2714/2014 U/s 448, 294(b), 506(i), 34 IPC | കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേസിലെ നടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്. |
| എറണാകുളം | ശ്രീ. ജെയിംസ് വർഗ്ഗീസ് | എറണാകുളം സെൻട്രൽ പി.എസ് ക്രൈം നമ്പർ 4000/2023 U/s 420, 403, 406, 294(b), 506 IPC | അന്വേഷണം നടത്തി വരുന്നു. |
| ആലപ്പുഴ | ശ്രീമതി. എ.നസീറ | ആലപ്പുഴ നോർത്ത് പി.എസ് ക്രൈം നമ്പർ 303/2025 U/s 318(4), 351(2) BNS | അന്വേഷണം നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത സ്ഥാപനത്തിനെതിരെയും സ്ഥാപന ഉടമയ്ക്കെതിരെയും എറണാകുളത്തും ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിലും എത്ര പരാതികൾ ലഭിച്ചുവെന്നും ആരൊക്കെയാണ് പരാതികൾ നൽകിയതെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും വിശദീകരിക്കുമോ; | (ഇ) | Asian Educational Consultancy Pvt. Ltd. സ്ഥാപനത്തിനെതിരെ ബഹു. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം മുഖേന ശ്രീമതി. എ. നസീറ നൽകിയ പരാതിയിന്മേൽ ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പ്രസ്തുത സ്ഥാപനത്തിനെതിരെയും സ്ഥാപന ഉടമക്കെതിരെയും എറണാകുളം ജില്ലയിൽ 3 പരാതികളും ആലപ്പുഴ ജില്ലയിൽ ഒരു പരാതിയും ലഭിച്ചിട്ടുണ്ട്.<br><br>ഒരു പരാതി പോലീസ് സ്റ്റേഷനിൽ വച്ച് തീർപ്പാക്കിയിട്ടുള്ളതും ഒരു കേസിലെ നടപടികൾ കോടതി ഉത്തരവ് പ്രകാരം അവസാനിപ്പിച്ചിട്ടുള്ളതുമാണ്. മറ്റ് 2 പരാതികളിന്മേൽ 2 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.<br><br>സ്ഥാപനത്തിനെതിരെ പരാതി നൽകിയവരുടെ പേരും സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു. |

| ജില്ല | പരാതിക്കാരന്റെ പേര് | സ്വീകരിച്ച നടപടി | കേസിന്റെ നിലവിലെ സ്ഥിതി |
|---|---|---|---|
| എറണാകുളം | ശ്രീ.പ്രജിൻ ജോസ് ജെ.എസ് | പരാതി തീർപ്പാക്കി | പരാതി തീർപ്പാക്കി |
| എറണാകുളം | ശ്രീ. സിബു ജോൺ അലക്സാണ്ടർ | എറണാകുളം സെൻട്രൽ പി.എസ് ക്രൈം നമ്പർ 2714/2014 | കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേസിലെ നടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | U/s 448, 294(b), 506(i), 34 IPC | |
| എറണാകുളം | ശ്രീ. ജെയിംസ് വർഗ്ഗീസ് | എറണാകുളം സെൻട്രൽ പി.എസ് ക്രൈം നമ്പർ 4000/2023 U/s 420, 403, 406, 294(b), 506 IPC | അന്വേഷണം നടത്തി വരുന്നു. |
| ആലപ്പുഴ | ശ്രീമതി. എ.നസീറ | ആലപ്പുഴ നോർത്ത് പി.എസ് ക്രൈം നമ്പർ 303/2025 U/s 318(4), 351(2) BNS | അന്വേഷണം നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (എഫ്) | കൺസൾട്ടൻസി സ്ഥാപനം വഞ്ചിച്ചത് മൂലം വളരെയേറെ കുട്ടികളുടെ ഭാവി അവതാളത്തിലായത് പരിഗണിച്ച് പ്രത്യേക അന്വേഷണസംഘത്തെ നിയോഗിച്ച് കൺസൾട്ടൻസി ഉടമ കബളിപ്പിച്ചു നേടിയ സ്വത്തുക്കളുടെ വിവരം അടക്കം പരിശോധിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | കൺസൾട്ടൻസി സ്ഥാപനം വഞ്ചിച്ചതുമായി ബന്ധപ്പെട്ട പരാതികളിന്മേൽ രജിസ്റ്റർ ചെയ്ത കേസുകളിൽ അന്വേഷണം നടന്നു വരികയാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പരിശോധിച്ച് കൂടുതൽ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ